## ജില്ലാ പോലീസ് മേധാവിയുടെ നടപടി ക്രമം.

സാന്നിദ്ധ്യം : എസ്. കാളിരാജ് മഹേഷ് കുമാർ. ഐ.പി.എസ്.
ജില്ലാ പോലീസ് മേധാവി, കോഴിക്കോട് സിറ്റി.

വിഷയം : കേരളാ പോലീസ് ആക്റ്റ് 78, 79 വകുപ്പുകൾ പ്രകാരം നിയന്ത്രണ ഉത്തരവ് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

സൂചന : 1) ജില്ലാ സ്പെഷൽ ബ്രാഞ്ച് അസി. പോലീസ് കമ്മീഷണറുടെ 21-4-18 തിയ്യതിയിലെ റിപ്പോർട്ട്

2) ഉത്തരവ് നം. 529/എസ്.ബി./18-സി.സി. തിയ്യതി 18.04.2018

ഉത്തരവ് നം. 529/എസ്.ബി./18-സി.സി. തിയ്യതി 21 ..04.2018

കോഴിക്കോട് സിറ്റി പരിധിയിൽ സൂചന 2 പ്രകാരമുള്ള 18-4-18 ന് നിരോധന ഉത്തരവിന് കാരണമായ സാമുദായിക സംഘർഷ നിലയിൽ അയവുവന്നതായും ക്രമസമാധാന നില പൂർവ്വ സ്ഥിതി പ്രാപിച്ചതായും സ്പെഷൽ ബ്രാഞ്ച് സൂചന 1 പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എങ്കിലും കോഴിക്കോട് സിറ്റി പോലീസ് പരിധിയിൽ നിലനിൽക്കുന്ന പ്രത്യേക രാഷ്ട്രീയ സാമുദായിക സാഹചര്യം കണക്കിലെടുത്തും ജില്ലാ സ്പെഷൽ ബ്രാഞ്ചിൻെറയും മറ്റു ഫീൽഡ് ലെവൽ ഉദ്യോഗസ്ഥരുടെയും റിപ്പോർട്ടുകൾ പ്രകാരവും പൊതുസമാധാനം നിലനിർത്തുന്നതിനും, ക്രമസമാധാന പാലനത്തിനും പൊതുജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിനായി ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തേണ്ടതായി എനിക്ക് ബോധ്യപ്പെട്ടിരിക്കായാൽ കോഴിക്കോട് സിറ്റി പോലീസ് പരിധിയിൽ പ്രകടനങ്ങൾ, മാർച്ച്, റാലികൾ എന്നിവ നിരോധിച്ചുകൊണ്ട് 18.04.2018 തിയ്യതിയിലെ മേൽ സൂചന 2 പ്രകാരം നം.529/എസ്.ബി./18-സി.സി. ആയി ഇറക്കിയ ഉത്തരവ് താഴെ പറയും പ്രകാരം നാളെ 22.04.2018 കാലത്ത് 08.00 മണിമുതൽ പരിഷ്കരിച്ച് ഉത്തരവാകുന്നു.

1). കേരളാ പോലീസ് ആക്റ്റ് വകുപ്പ് 78, ഉപവകുപ്പ് എ പ്രകാരം നശീകരണ വസ്തുക്കളോ, സ്ഫോടക വസ്തുക്കളോ, വെടിമരുന്നുകളോ, കല്ലുകളോ ആക്രമണത്തിനുപയോഗിക്കുവാൻ കഴിയുന്ന ഏതെങ്കിലും ആയുധങ്ങളോ മറ്റേതെങ്കിലും വസ്തുക്കളോ തയ്യാറാക്കുന്നതോ, ശേഖരിയ്ക്കുകയോ കൊണ്ടുപോവുകയോ ചെയ്യാൻ പാടുള്ളതല്ല.

2). കേരളാ പോലീസ് ആക്റ്റ് വകുപ്പ് 78, ഉപവകുപ്പ് സി പ്രകാരം സാമുദായികമോ മതപരമോ ആയ വികാരം ആളികത്തിയ്ക്കുന്നതോ സദാചാരത്തിൻെറ പൊതു നിലവാരത്തെ ധ്വംസിയ്ക്കുന്നതോ, പൊതു സമാധാനത്തെ ഗുരുതരമായി

ബാധിയ്ക്കുന്നതോ രാഷ്ട്രത്തിന്റെ സുരക്ഷ അപായപ്പെടുത്തുന്നതോ ആയ ചിത്രങ്ങൾ, ചിഹ്നങ്ങൾ, പ്ലക്കാർഡുകൾ, അച്ചടിച്ച കടലാസുകൾ, ലഘു ലേഖകൾ, പുസ്തകങ്ങൾ, ഓഡിയോ/വീഡിയോ റിക്കാർഡിംഗുകൾ ഡിജിറ്റൽ റിക്കാർഡുകൾ, പോസ്റ്ററുകൾ, ബാനറുകൾ, സോഷ്യൽ മീഡിയ വഴി തയ്യാറാക്കുന്നതോ പ്രദർശിപ്പിക്കുന്നതോ പ്രതിനിധീകരിയ്ക്കുന്നതോ, വിതരണം ചെയ്യുന്നതോ പ്രചരിപ്പിക്കുന്നതുമായ യാതൊരു നടപടികളും ഉണ്ടാകാൻ പാടുള്ളതല്ല.

3) കേരളാ പോലീസ് ആക്റ്റ് 79ാം വകുപ്പ് ഉപവകുപ്പ് ഒന്നു പ്രകാരം കോഴിക്കോട് സിറ്റി പോലീസ് പരിധിയിൽ പ്രകടനങ്ങൾ പൊതുസമ്മേളനങ്ങൾ, റാലികൾ, മാർച്ച് തുടങ്ങിയവ നടത്തുന്നതിന് പോലീസിന്റെ യഥാവിധിയുള്ള അനുമതിയോടു കൂടി നിയന്ത്രിച്ച് ഉത്തരവാകുന്നു.

പൊതുസമ്മേളനങ്ങൾ, റാലികൾ, മാർച്ച് തുടങ്ങിയവ നടത്തേണ്ട വ്യക്തികളോ സംഘടനകളോ ആയത് നടത്തുന്നതിന് അതാത് സബ് ഡിവിഷണൽ പോലീസ് ഓഫീസർമാർക്ക് മിനിമം ഒരാഴ്ച മുമ്പായി ആയതു സംബന്ധിച്ച മുഴുവൻ വിവരങ്ങളടക്കം (പരിപാടിയുടെ ഉദ്ദേശലക്ഷ്യം, പ്രതീക്ഷിക്കുന്ന ആളുകളുടെ എണ്ണം, സ്ഥലം, സമയം, റൂട്ട് മുതലായവ) അപേക്ഷ നൽകേണ്ടതുമാകുന്നു.

ഈ ഉത്തരവ് 22.04.2018 തിയ്യതി 08.00 മണി മുതൽ നിലവിൽ വരുന്നതും 14 ദിവസത്തേയ്ക്ക് പ്രാബല്യത്തിലുണ്ടായിരിയ്ക്കുന്നതുമാണ്.

21/4/18

എസ്. കാളിരാജ് മഹേഷ് കുമാർ. ഐ.പി.എസ്.
ജില്ലാ പോലീസ് മേധാവി,
കോഴിക്കോട് സിറ്റി.